ഉത്തരം

(എ) റംസാൻ പ്രമാണിച്ച് സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ കടകൾവഴി 25 കിലോഗ്രാം അരി സ്പെഷ്യലായി വിതരണം നടത്തുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ ആവശ്യത്തിന് പച്ചരിയും വിതരണം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) റംസാൻ ഉത്സവകാലത്ത് സംസ്ഥാനത്തെ കാർഡുടമകൾക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ പച്ചരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡിപ്പോകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. അത് കാർഡുടമകൾക്ക് നൽകുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

കായംകുളം മാവേലി മെഡിക്കൽ സ്റ്റോർ

108(819) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ മാവേലി മെഡിക്കൽ സ്റ്റോർ 24 മണിക്കൂറും പ്രവർത്തനം നടത്തണം എന്ന കായംകുളം എം.എൽ.എ യുടെ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) കായംകുളം മാവേലി മെഡിക്കൽ സ്റ്റോറിലെ ഇപ്പോഴത്തെ ജീവനക്കാരുടെ എണ്ണം എത്ര; ഇവർ സ്ഥിരം ജീവനക്കാരാണോ?

ഉത്തരം

(എ) കായംകുളത്തെ മാവേലി മെഡിക്കൽ സ്റ്റോർ 24 മണിക്കൂറും പ്രവർത്തനം നടത്തുവാൻ തൽക്കാലം നിർവാഹമില്ല. എല്ലാ മാവേലി മെഡിക്കൽ സ്റ്റോറുകളും 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്ക് ഈ കാര്യവും പരിഗണിക്കുന്നതാണ്.

(ബി) കായംകുളം മാവേലി മെഡിക്കൽ സ്റ്റോറിലെ ആകെ ജീവനക്കാരുടെ എണ്ണം മൂന്ന്. അതിൽ ഷോപ്പ് മാനേജർ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ജീവനക്കാരനും ബാക്കി രണ്ടു ഫാർമസിസ്റ്റുമാർ ഒരു വർഷകരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി നോക്കുന്നവരുമാണ്.

മാവേലി മെഡിക്കൽ സ്റ്റോറുകൾ

109(820) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള മാവേലി മെഡിക്കൽ സ്റ്റോറുകൾ എല്ലാ താലൂക്ക് സംസ്ഥാനങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ എത്ര താലൂക്കുകളിലാണ് മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും ഓരോ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ പന്ത്രണ്ട് താലൂക്ക് ആസ്ഥാനങ്ങളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇരുപത് താലൂക്ക് ആസ്ഥാനങ്ങളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനുള്ള നടപടികൾ മിക്കവാറും പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. ബാക്കി താലൂക്കുകളിൽ സ്ഥലം കിട്ടുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

ഗാർഹികോപഭോക്താക്കൾക്കുള്ള പാചകവാതക കണക്ഷനുകൾ

110(821)ശ്രീ. എ. കണ്ണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗാർഹികോപഭോക്താക്കൾക്ക് ആകെ എത്ര പാചകവാതക കണക്ഷനുകളാണ് ലഭ്യമാക്കിയിട്ടുള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഓരോ ജില്ലയിലും എത്ര അപേക്ഷകർക്കാണ് പാചകവാതക കണക്ഷനുകൾ ലഭിക്കുവാനുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആകെ 15,12,670 കണക്ഷനുകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	170797
കൊല്ലം	-	100921
പത്തനംതിട്ട	-	104709
ആലപ്പുഴ	-	106194
കോട്ടയം	-	127287
ഇടുക്കി	-	65041
എറണാകുളം	-	275895
തൃശ്ശൂർ	-	156106
പാലക്കാട്	-	89708
മലപ്പുറം	-	70379
കോഴിക്കോട്	-	88121
വയനാട്	-	32464
കണ്ണൂർ	-	89328
കാസർഗോഡ്	-	35720

(സി) പാചകവാതക കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	106060

LIBRARY ARCHIVES Kerala Legislative Assembly